

# മറ്റത്തൂർ നിത്യസഹായമാതാ ഇടവക

നാഷണൽ ഹൈവേ 47-ൽ കൊടകരയിൽ നിന്ന് 2 കി.മീ. വടക്കുകിഴക്കുമാറി സ്ഥിതിചെയ്യുന്ന സ്ഥലമാണ് മറ്റത്തൂർകുന്ന്. വടക്ക് കുറുമാലിപ്പുഴയും തെക്ക് കോടശ്ശേരിമലയും പടിഞ്ഞാറ് കുഴിക്കാണി പാടശേഖരവും കിഴക്ക് വാസുപുരവുമാണ് ഇടവകാതിർത്തികൾ. ആദ്യകാലഘട്ടങ്ങളിൽ മറ്റത്തൂർ പ്രദേശത്തെ വിശ്വാസികൾ തങ്ങളുടെ ആത്മീയ ആവശ്യങ്ങൾക്കുവേണ്ടി 6 കി.മീ. അകലെയുള്ള പേരാമ്പ്രപള്ളിയെയാണ് ആശ്രയിച്ചിരുന്നത്. പേരാമ്പ്ര ഇടവകയുടെ ഭാഗമായിരുന്ന മറ്റത്തൂരിൽ ഭാരത സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ മറ്റത്തൂർകുന്നിലും വാസുപുരത്തും ഓരോ കപ്പേള പണിതീർത്തിരുന്നു. മറ്റത്തൂർകുന്നിലെ കപ്പേളയോടനുബന്ധിച്ച് ഒരു ആശാൻ പള്ളിക്കൂടവും നടത്തിയിരുന്നു എന്നാണ് പഴമൊഴി. ആ സ്ഥലം 'സ്ക്കൂൾ പറമ്പ്' എന്നാണ് ഇന്നും അറിയപ്പെടുന്നത്.

## പള്ളി

1958 മുതൽ ഒരു പള്ളിയ്ക്കുള്ള ശ്രമങ്ങൾ ആരംഭിച്ചു. പേരാമ്പ്ര വികാരിയായിരുന്ന ബഹു. ജോർജ്ജ് ചൂണ്ടലച്ചന്റെ നേതൃത്വത്തിൽ മറ്റത്തൂർക്കുന്നിലും വാസുപുരത്തുമുള്ള കപ്പേളകൾ പൊളിച്ചുകൊണ്ടുവന്ന് 1960-ൽ മറ്റത്തൂരിൽ നിത്യസഹായ മാതാവിന്റെ കുരിശുപള്ളി സ്ഥാപിച്ചു. നിത്യസഹായ മാതാവിന്റെ നൊവേനയും ആരംഭിച്ചു. 1962-ൽ പള്ളിപണി പൂർത്തിയായി. അതോടൊപ്പംതന്നെ സിമിത്തേരിയും സ്ഥാപിക്കപ്പെട്ടു. അന്നത്തെ തൃശ്ശൂർ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവാണ് ദേവാലയത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചത്. ആരംഭ കാലഘട്ടത്തിൽ ശനിയാഴ്ചയും ഞായറാഴ്ചയുമാണ് പേരാമ്പ്രയിൽ നിന്ന് വൈദികർ വന്ന് വി. കുർബാന അർപ്പണം നടത്തിയിരുന്നത്.

മറ്റത്തൂർക്കുന്നിൽ ഒരു പള്ളി എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന്, എല്ലാ പ്രതിബന്ധങ്ങളും തരണംചെയ്ത്, മുന്നിൽനിന്ന് പ്രവർത്തിച്ച അന്നത്തെ കൈക്കാരന്മാരായിരുന്ന നെടുമ്പാക്കാരൻ കുരിയപ്പൻ തോമസ് വൈദ്യരേയും, തെക്കിനിയത്ത് അന്തോണി വർക്കിയേയും അവരോടൊപ്പം പ്രവർത്തിച്ച ഏറ്റുമാനൂക്കാരൻ കുഞ്ഞുവറീത് വാറുണ്ണി മാസ്റ്ററേയും

ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

## ഇടവക

ബഹു. ജോസഫ് തോട്ടുങ്കൽ അച്ചന്റെ കാലത്ത് 1969 ഒക്ടോബർ 19-ന് മറ്റത്തൂർപള്ളി ഇടവകയായി ഉയർത്തപ്പെട്ടു. ഇന്നത്തെ വാസുപുരം അടക്കം 200-ൽ താഴെ കുടുംബങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്.

1978-ൽ ഇരിങ്ങാലക്കുട രൂപത സ്ഥാപിതമായ തിനെത്തുർന്ന് റവ. ഫാ. പോൾ എളങ്കുന്നപുഴ വികാരി യായി നിയമിതനായി. 1979-ൽ അദ്ദേഹത്തിന്റെ നേതൃ ത്വത്തിലാണ് പള്ളിയുടെ മുഖവാരം പൊളിച്ചുപണി യുകയും നടപ്പുര ഉണ്ടാക്കുകയും ചെയ്തത്. 1981-ൽ വാസുപുരത്ത് ഒരു പള്ളി പണിത് പുതിയൊരു ഇട വക രൂപംകൊണ്ടു. അനന്തരം മറ്റത്തൂർ ഇടവകയിൽ 125 കുടുംബങ്ങളാണ് ശേഷിച്ചിരുന്നത്.

## വൈദികമന്ദിരം

പിന്നീട് റവ. ഫാ. സെബാസ്റ്റ്യൻ ഈഴേക്കാടൻ വികാരിയായിരുന്ന കാലഘട്ടത്തിൽ 1984-ൽ ആണ് വൈദിക മന്ദിരം നിർമ്മിച്ചത്.



വൈദിക മന്ദിരം

## സ്ഥിരവാസമുള്ള വികാരി

1985 ജനുവരിയിൽ റവ. ഫാ. ജോസഫ് വെർജിൽ സി.എം.ഐ. മറ്റത്തൂർ താമസിച്ച് ഇടവക ഭരണം നടത്തുന്ന ആദ്യത്തെ വികാരിയായി. ഈ കാലഘട്ടത്തിലാണ് പള്ളിയുടെ മുൻവശത്ത് ഒരു കപ്പേള പണികഴിപ്പിച്ചത്. ഇടവകയിൽ കുടുംബസ മ്മേളന യൂണിറ്റുകൾ ആരംഭിച്ചത് വിൻസെന്റ് ആല പ്പാട്ടച്ചന്റെ കാലഘട്ടത്തിലാണ്.

1991-ൽ സിമിത്തേരിയിൽ ഒരു കപ്പേള നിർമ്മിച്ചു. 15.1.1992-ൽ റവ. ഫാ. ഡേവിസ് അമ്പൂക്കൻ വികാരി യായി നിയമിതനായി. ഈ കാലഘട്ടത്തിൽ പള്ളി യുടെ കിഴക്ക്-തെക്ക് ഭാഗത്ത് പള്ളിക്കുവേണ്ടി സ്ഥലം വാങ്ങുകയുണ്ടായി. 18.1.1995-ൽ വികാരിയായ റവ. ഫാ. ഫ്രാൻസിസ് കൊടിയൻ 1996-ൽ പള്ളിക്കായി കിഴക്കുഭാഗത്ത് സ്ഥലം വാങ്ങി.

## മതബോധന ഹാൾ

1997 ജനുവരിയിൽ ബഹു. സണ്ണി കളമ്പ നാംതടത്തിൽ അച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ പിൻവശത്ത് വിശാലമായ ഒരു മതബോധനഹാളും ഓഫീസ് മുറികളും നിർമ്മിച്ചു. 1999 ജനുവരിയിൽ ചുമതലയേറ്റ റവ. ഫാ. ജെയ്സൺ കരിപ്പായി പുതിയൊരുപള്ളി എന്ന ആശയവുമായി മഹാജൂ ബിലിസ്മാരക ദേവാലയ പുനർനിർമ്മാണ ഫണ്ടിന് തുടക്കം കുറിച്ചു.



മതബോധന ഹാൾ

## പുതിയ പള്ളി

തുടർന്ന് വികാരിയായി ചാർജ്ജെടുത്ത റവ. ഫാ. ആന്റോ ജി. ആലപ്പാട്ട് ഇടവകജനങ്ങളുടെ താത്പര്യ ങ്ങൾക്കനുസരിച്ച് പുതിയദേവാലയത്തിന്റെ നിർമ്മാ ണത്തിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട്നീങ്ങി. മാതാവിന്റെ ഊട്ടുതിരുനാളായിരുന്ന 2003 ഒക്ടോബർ 19-ന് ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ പുതിയ ദേവാ ലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

പള്ളിയുടെ മുൻവശത്തുള്ള സ്ഥലം സാമ്പത്തി കമായി ബുദ്ധിമുട്ടുള്ള ഈ അവസരത്തിൽപോലും വാങ്ങുവാൻ സാധിച്ചത് അനുഗ്രഹമായി കരുതുന്നു. നിലവിലുള്ള ഒരു സിമിത്തേരി ഭൗതികാവശിഷ്ടങ്ങ ളോടുകൂടി പൂർണ്ണമായി മാറ്റിസ്ഥാപിക്കപ്പെടുന്ന അപൂർവ്വചടങ്ങിനും മറ്റത്തൂർ ഇടവക സാക്ഷ്യം വഹിച്ചു. 2005 മെയ് 28-ാം തിയ്യതി ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ ഈ സിമിത്തേരി മാറ്റത്തിന് മുഖ്യകാർമ്മി കത്വം വഹിച്ചു.

2005 ഒക്ടോബർ 15-ന് ഭക്തിസാന്ദ്രമായ ചട ങ്ങിൽ ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ മറ്റത്തൂർ ഇടവകയിലെ മനോഹരവും വിസ്തൃതവുമായ ദേവാ ലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

മതബോധനവും വിവിധ ഭക്തസംഘടനകളും കുടുംബസമ്മേളനങ്ങളും സജീവമായി പ്രവർത്തിച്ചു കൊണ്ട് മറ്റത്തൂർ ഇടവക ആദ്ധ്യാത്മികവും ഭൗതിക വുമായ വളർച്ചയ്ക്ക് വേണ്ടി പ്രയത്നിക്കുന്നു. ബഹു. തോമസ് ഇളംകുന്നപ്പുഴയച്ചനാണ് ഇപ്പോഴത്തെ വികാരി. 211 കുടുംബങ്ങളാണ് ഇടവകയിലുള്ളത്.



സെന്റ് സെബാസ്റ്റ്യൻ കപ്പേള